"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

മൃഗസംരക്ഷണ(ഇ) വകുപ്പ്

നമ്പർ.E3/134/2017-AH

17-05-2024,തിരുവനന്തപുരം

## നോട്ടീസ്

മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജനായ ഡോ. സോണിയാ ചാക്കോ എന്ന താങ്കൾക്ക് അനുവദിക്കപ്പെട്ട അവധി തീർന്നതിന് ശേഷം ക്രമപ്രകാരം അവധി അപേക്ഷ തരാതെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെയും അവധി അനുവദിക്കാതെ വിദേശത്ത് പോവുകയും അവിടെ തുടരുകയും ചെയ്ത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിനാൽ KCS (CC&A) Rules 1960 , Rule 11 (7) പ്രകാരം 03.09.2014 മുതൽ താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരുന്നു. ഈ തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ നിർദേശിച്ചുകൊണ്ടുള്ള 23.11.2023-ലെ ഇ3/134/2017-എ.എച്ച് നമ്പർ കാരണം കാണിക്കൽ നോട്ടീസ് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന താങ്കളുടെ അറിയാവുന്ന മേൽവിലാസത്തിൽ അറിയിച്ചിരുന്നു. എന്നാൽ നോട്ടീസ് കൈപ്പറ്റിയതിന്റെ പകർപ്പോ മറുപടിയോ നാളിതുവരെ ലഭിച്ചിട്ടില്ല. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ വിശദീകരണം ലഭിക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും ഇനിയൊരറിയിപ്പ് നല്കാതെ തന്നെ താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ എടുക്കുന്നതുമാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ മൃഗസംരക്ഷണ (ഇ) വകുപ്പിൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിൽ വന്ന് നേരിട്ട് കൈപ്പറ്റാവുന്നതോ അല്ലെങ്കിൽ താങ്കളുമായി കത്തിടപാട് നടത്താൻ കഴിയുന്ന കൃത്യമായ മേൽവിലാസം രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ സമർപ്പിക്കുന്ന പക്ഷം പ്രസ്തുത മേൽ വിലാസത്തിലേക്കോ അയച്ചുതരുന്നതുമായിരിക്കും.

പ്രണബ്ജ്യോതി നാഥ് ഐ എ എസ്
സെക്രട്ടറി

~~മൃഗസംരക്ഷണ(ഇ~~

~~Window No. Iprd/~~.............................